"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് - സാങ്കേതികം- കളമശ്ശേരി സർക്കാർ പോളിടെക്നിക്കിലെ വാച്ച്മാൻ തസ്തികകളിൽ നിന്നും ഒരു വാച്ച്മാൻ തസ്തിക കോതമംഗലം സർക്കാർ പോളിടെക്നിക്ക് കോളേജിലേക്ക് സ്ഥിരമായി പുനർവിന്യസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

ഉന്നതവിദ്യാഭ്യാസ (എൽ) വകുപ്പ്

G.O.(Rt) No.1026/2020/HEDN    തീയതി,തിരുവനന്തപുരം, 14/08/2020

പരാമർശം:- 1 07.08.2017 തീയതിയിലെ സ.ഉ (പി) നം. 102/2017/ധന നം സർക്കാർ ഉത്തരവ്

2 സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 30.06.2020 ലെ എൽ1//44221/19/ഡി.ടി.ഇ നമ്പർ കത്ത്

ഉത്തരവ്

കോതമംഗലം പോളിടെക്നിക്കിൽ അംഗീകൃത സ്റ്റാഫ് പാറ്റേൺ അനുസരിച്ച് ഉണ്ടായിരുന്ന 2 വാച്ച് മാൻ തസ്തികയിൽ ഒന്ന് 2015-16 ൽ കളമശ്ശേരി സിറ്ററിലേക്ക് ഷിഫ്റ്റ് ചെയ്ത് നൽകിയതിനാൽ നിലവിലുള്ള വാച്ച്മാൻ 24 മണിക്കൂറും ജോലി ചെയ്യേണ്ടുന്ന സാഹചര്യമാണെന്നും , 4 റഗുലർ ബാച്ചും ഈവനിംഗ് ബാച്ചടക്കം 1000 ത്തോളം വിദ്യാർത്ഥികളും 80 അദ്ധ്യാപക അനദ്ധ്യാപകരും 13 ഏക്കർ സ്ഥലവും ലാബും മറ്റുമുള്ള സ്ഥാപനത്തിൽ ഒരു വാച്ച്മാൻ തസ്തിക കൂടി ആവശ്യമാണ് എന്നും ആയതിനാൽ 6 വാച്ച് മാൻ തസ്തികയുള്ള കളമശ്ശേരി പോളിടെക്നിക്കിൽ നിന്നും ഒരു വാച്ച് മാൻ തസ്തിക കോതമംഗലം പോളിടെക്നിക്കിലേക്ക് സ്ഥിരമായി പുനർ വിന്യസിച്ച് നൽകണമെന്നും ശുപാർശ ചെയ്ത് പരാമർശം 2) പ്രകാരം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ പ്രോപ്പോസൽ സമർപ്പിച്ചിരുന്നു .

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ പരാമർശം (2) കത്തിലെ ശിപാർശ അംഗീകരിച്ചുകൊണ്ട് കളമശ്ശേരി സർക്കാർ പോളിടെക്നിക്കിൽ നിലവിലുള്ള 6 വാച്ച്മാൻ തസ്തികകളിൽ നിന്നും ഒരു വാച്ച്മാൻ തസ്തിക കോതമംഗലം സർക്കാർ പോളിടെക്നിക്ക് കോളേജിലേക്ക് സ്ഥിരമായി പുനർവിന്യസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SREEDEVI. E.S.
UNDER SECRETARY

സാങ്കേതികവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ, ഗവൺമെന്റ് പോളിടെക്നിക്ക് കോളേജ്, കോതമംഗലം
പ്രിൻസിപ്പൽ, ഗവൺമെന്റ് പോളിടെക്നിക്ക് കോളേജ്, കളമശ്ശേരി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) , കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) , കേരള, കോട്ടയം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ)
www.highereducation.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ